പശ്ചിമഘട്ടം:
ജന്തുവൈവിധ്യം

# ജൈവപ്രതിഭാസങ്ങളുടെ കലവറയിലേക്ക്

**ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ 5% മാത്രമുള്ള പശ്ചിമഘട്ടത്തിൽ ഇന്ത്യയിലെ 27% വരുന്ന ജൈവ വൈവിധ്യമുണ്ടെന്നറിയുമ്പോഴാണ് പശ്ചിമഘട്ടത്തിന്റെ പ്രധാന്യം നമുക്ക് മനസ്സിലാകുന്നത്. വളരെ പ്രാചീനമായ ഗോൻഡ്വാന ഘടകങ്ങൾ ധാരാളമുള്ളതും മലയൻ ഇന്തോ-ചൈനീസ് ആഭിമുഖ്യമുള്ളതുമായ ഒരു ജൈവസമൂഹമാണ് പശ്ചിമഘട്ടത്തിലുള്ളത്.**

ഡോ. ജാഫർ പാലോട്ട്

**ഗുജറാത്തിലെ** താപ്തി നദി മുതൽ കന്യാകുമാരി വരെ 1600 കി. മീ. നീണ്ട് കിടക്കുന്ന പർവ്വതശൃംഖലയാണ് പശ്ചിമഘട്ടം. ഇന്ത്യയുടെ തെക്ക് പടിഞ്ഞാറെ മൂലയിൽ അറബിക്കടലിന് സമാന്തരമായി ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ ആറ് സംസ്ഥാനങ്ങളിലായി വ്യാപിച്ചും കിടക്കുന്നു. ഈ മലനിരകളിലെ ഒരു പ്രധാന വിടവാണ് 30–45 കി. മീ. വരെ വ്യാസമുള്ള പാലക്കാട് വിടവ്. വടക്ക് ഗോവ ഭാഗത്തും തെക്ക് ചെങ്കോട്ടയിലും ഇത്തരത്തിലുള്ള രണ്ട് ചെറിയ വിടവുകളുമുണ്ട്. പശ്ചിമഘട്ടത്തിന്റെ ശരാശരി ഉയരം 1200 മീറ്ററാണ്. ഇതിലേറ്റവും ഉയരം കൂടിയ കൊടുമുടി നമ്മുടെ കേരളത്തിലെ ആനമുടിയാണ്. ഉയരം 2695 മീറ്ററാണ്. രണ്ടാമത്തെ ഏറ്റവും വലിയ കൊടുമുടിയാണ് ഊട്ടിക്കടുത്തുള്ള ദൊഡ്ഢബെട്ട (2636 മീ). കോഴിക്കോട് വയനാട് അതിർത്തിയിലുള്ള വാവൽമലയും (2339 മീ), ബാണാസുരമലയും (2073 മീ), ചെമ്പ്രപീക്ക (2050 മീ), അഗസ്ത്യമുടിയും (1868 മീ)അറിയപ്പെടുന്ന കൊടുമുടികളാണ്.

ജൈവസമ്പത്ത് കൂടിയ പ്രദേശമായതിനാൽ ലോകത്തിലേറ്റവും പ്രധാനപ്പെട്ട 34 ജൈവവൈവിധ്യ ഹോട്ട് സ്പോട്ടുക (hot spot)ളിലൊന്നായി ആഗോളസംഘടനയായ കൺസർവേഷൻ ഇന്റർനാഷണൽ പശ്ചിമഘട്ടത്തെ തിരഞ്ഞെടുത്തിരിക്കുകയാണ്. ലോകത്ത് തന്നെ ഏറ്റവും പ്രധാനപ്പെട്ട എട്ട് ഹോട്ടസ്റ്റ് ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടുകളിലൊന്നായി പശ്ചിമഘട്ടത്തെ ഈയിടെ പരിഗണിച്ചിട്ടുമുണ്ട്. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ (WWF) എന്ന ലോകസംഘടന 200 പ്രഥമ പാരിസ്ഥിതിക പ്രദേശങ്ങളിലൊന്നായി ഈ മലനിരകളെ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ 5% മാത്രമുള്ള പശ്ചിമഘട്ടത്തിൽ ഇന്ത്യയിലെ 27% വരുന്ന ജൈവവൈവിധ്യമുണ്ടെന്നറിയുമ്പോഴാണ് പശ്ചിമഘട്ടത്തിന്റെ പ്രധാന്യം നമുക്ക് മനസ്സിലാകുന്നത്. വളരെ പ്രാചീനമായ ഗോൻഡ്വാന ഘടകങ്ങൾ ധാരാളമുള്ളതും മലയൻ ഇന്തോ-ചൈനീസ് ആഭിമുഖ്യമുള്ളതുമായ ഒരു ജൈവസമൂഹമാണ് പശ്ചിമഘട്ടത്തിലുള്ളത്. കിഴക്ക് ഭാഗത്തുള്ള ഡെക്കാൻ പീഠഭൂമിയും, പടിഞ്ഞാറുള്ള അറബിക്കടലിന്റെ സാമീപ്യവും, വടക്ക് ഭാഗത്തുള്ള വിന്ധ്യ- സത്പുര മലനിരകൾ ഒരുക്കുന്ന ഭൂഘടനയും പ

ശ്ചിമഘട്ടത്തെ ഭൂമിയിലെ ഏറ്റവും മുന്തിയ ജൈവ വൈവിധ്യമേഖലയാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഒട്ടനവധി സ്പീഷീസുകളുടെ ആവിർഭാവത്തിനും പരിണാമത്തിനും ഈ പ്രത്യേക ഭൂഘടനയും വിശേഷകാലാവസ്ഥയും വളരെയധികം സഹായിക്കുന്നു.

## ജന്തുവൈവിധ്യം

സസ്യവൈവിധ്യത്തെ പോലെതന്നെ ജന്തുവൈവിധ്യത്താലും സമ്പന്നമാണ് പശ്ചിമഘട്ടം. നട്ടെല്ലുള്ള ജീവികളിൽ സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മത്സ്യങ്ങൾ എന്നീ വിഭാഗങ്ങളെക്കുറിച്ച് കാര്യമായ പഠനങ്ങൾ ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ നടന്നിട്ടുണ്ട്. എന്നാൽ നട്ടെല്ലില്ലാത്ത ജീവികളിൽ, ചിത്രശലഭങ്ങൾ, തുമ്പികൾ, എട്ടുകാലികൾ എന്നീ ഗ്രൂപ്പുകളൊഴിച്ചുള്ള ചെറുജീവികളെ കുറിച്ചുള്ള പഠനങ്ങളൊന്നും കാര്യമായി പശ്ചിമഘട്ടത്തിൽ നടന്നിട്ടില്ല.

ജന്തുവൈവിധ്യസമ്പന്നതയിൽ, പശ്ചിമഘട്ടത്തിന്റെ ദക്ഷിണാർദ്ധം, ഉത്തരാർദ്ധത്തെക്കാൾ ഏറെ മുന്നിട്ടുനിൽക്കുന്നു. കർണ്ണാടകം, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ കാടുകളാണ് ഈ ഭാഗത്തെ സ്വാഭാവിക സ്പീഷീസുകളുടെ ആവാസവ്യവസ്ഥ. പാരിസ്ഥിതികമായി, സൂക്ഷ്മ ചൈതന്യമാർന്ന വളരെ ചെറിയ ഭൂവിഭാഗങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒട്ടനേകം തദ്ദേശീയമായ ജന്തുവിഭാഗങ്ങൾ ഈ മേഖലയിലുണ്ട്.

## സസ്തനികൾ

ഇന്ത്യയിൽ കണ്ടുവരുന്ന 470 ഇനം സസ്തനികളിൽ 130 ഇനത്തെ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 16 ഇനം പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന തദ്ദേശീയ (endemic) സ്പീഷീസുകളാണ്. സസ്തനികളിൽ ഏറ്റവും വൈവിധ്യമാർന്ന ഗ്രൂപ്പ് വവ്വാലുകളുടേതാണ്. ഏകദേശം അമ്പതോളം ഇനം വവ്വാലുകൾ ഈ മലനിരകളിലുണ്ട്. ഇവയിൽ അതീവ ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ഇനങ്ങളാണ് സലീം അലിയുടെ പഴവവ്വാലും (Salim Ali's Fruit Bat) ഡോ. റൗട്ടൺന്റെ വാലൻ വവ്വാലും (Wroughton's Freetailed Bat) ഉം. സലീം അലിയുടെ പഴവവ്വാൽ പെരിയാർ വന്യജീവി സങ്കേതത്തോട് ചേർന്നുള്ള തമിഴ്നാടിലെ മേഘമല വന്യജീവിസങ്കേതത്തിലും റൗട്ടൺന്റെ വാലൻ വവ്വാൽ ബാക്കിയായിട്ടുള്ളത് കർണ്ണാടകയിലെ നോർത്ത് കാനറ ജില്ലയിലെ ബാരപഡെ ഗുഹകളിലുമാണ്. വംശനാശം സംഭവിച്ചുവെന്ന് കരുതുന്ന ജവാദി വെരുകിനെ (Malabar civet) നെ അവസാനമായി കണ്ടത് 1987 ൽ മലപ്പുറം ജില്ലയിലെ എളയൂരിൽവെച്ചായിരുന്നു. മൂന്ന് മൃഗങ്ങളെ വേട്ടയാടി കിട്ടിയ തൊലിയാണ് അവസാനമായി നമുക്ക് കിട്ടിയ തെളിവ്. ഇതിനുശേഷം വ്യക്തമായി കണ്ടതായിട്ടുള്ള റിപ്പോർട്ടില്ല. മറ്റു പ്രധാനപ്പെട്ട തദ്ദേശീയ സസ്തനി ഇനങ്ങളാണ് കരിങ്കുരങ്ങും, സിംഹവാലൻ കുരങ്ങും. കർണ്ണാടക, കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ നിത്യഹരിതവനങ്ങളിലാണ് ഈ വംശനാശഭീഷണി നേരിടുന്ന കുരങ്ങുകൾ ബാക്കിയായിട്ടുള്ളത്. പുതിയ കണക്കനുസരിച്ച് സിംഹവാലൻ കുരങ്ങുകളുടെ അംഗസംഖ്യ 4000ത്തിനും 5000 നുമിടയിൽ മാത്രമാണ്. നിത്യഹരിതവനങ്ങളുടെ ഇടമുറിയാത്ത വൻമരങ്ങളുടെ മേലാപ്പിൽ മാത്രമേ സിംഹവാലൻ കുരങ്ങുകൾക്ക് വംശവർദ്ധനയോടെ നിലനിൽക്കാൻ പറ്റുകയുള്ളൂ. പല കാരണങ്ങളാലുള്ള വനനാശവും, തോട്ടങ്ങളുടെ കടന്നുകയറ്റവും ഇവയുടെ വാസസ്ഥലങ്ങൾക്ക് വലിയ ഭീഷണിയായിരിക്കുകയാണ്.

മറ്റൊരു തദ്ദേശീയ സസ്തനി ഇനമായ വരയാട് (Nilgiri Tahr) നെ കൂടുതലായി കണ്ടുവരുന്നത് നീലഗിരിക്കും അശാമ്പുമലകൾക്കിടയിലുള്ള ചെങ്കുത്തായ പുൽമേടുകളിലും പാറക്കെട്ടുകളിലുമാണ്. ലോകത്താകമാനം ബാക്കിയായിട്ടുള്ളത് ഏകദേശം 2000-2500 നുമിടയിലാണ്. ഇവയിൽ പകുതിയും ബാക്കിയായിട്ടുള്ളത് കേരളത്തിലെ ഇരവികുളം ദേശീയോദ്യാനത്തിലും, ചേർന്നുള്ള തമിഴ്നാടിന്റെ ഇന്ദിരാഗാന്ധി വന്യമൃഗസങ്കേതത്തിലെ പുൽമേടുകളിലുമാണ്. ബാക്കിയായിട്ടുള്ളതുതന്നെ പരസ്പരം ബന്ധപ്പെടാനാകാത്ത ഇരുപതോളം ചെറുസമൂഹങ്ങളായി തെക്കൻ പശ്ചിമഘട്ടത്തിലെ മലനിരകളിൽ കഴിയുന്നു. മറ്റു തദ്ദേശീയ ഇനങ്ങളായ തവിടൻ മെരുക്, മുള്ളനെലി, മരനായ, ഇഞ്ചയണ്ണാൻ തുടങ്ങിയവയെകുറിച്ച് കാര്യമായ പഠനങ്ങളൊന്നും നാളിതുവരെ നടന്നിട്ടില്ല. നമ്മുടെ ദേശീയ മൃഗമായ കടുവകളുടെ നല്ലൊരു അംഗസംഖ്യ ബാക്കിയായിട്ടുള്ളത് പശ്ചിമഘട്ടത്തിലെ വനമേഖലകളിലാണ്. ഇന്ത്യയിലറിയപ്പെടുന്ന 9 പ്രധാന കടുവാസംരക്ഷണകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത് പശ്ചിമഘട്ടത്തിലാണ്. ഏഷ്യൻ ആനകളുടെ വലിയൊരു ഭാഗം ജീവിക്കുന്നതും ഈ മലനിരകളിലാണ്. ഇവയുടെ വലിയൊരു അംഗസംഖ്യ മുതുമല-ബന്ദിപ്പൂർ, നാഗർഹോളെ, വയനാട് വനമേഖലകൾ ഉൾക്കൊള്ളുന്ന നീലഗിരി ബയോസ്ഫിയർ റിസർവ്വിലാണ് ജീവിക്കുന്നത്.

## പക്ഷികൾ

ഇന്ത്യയിൽ കണ്ടെത്തിയ 1234 പക്ഷിയിനങ്ങളിൽ 508 ഇനത്തെ പശ്ചിമഘട്ടമലനിരകളിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 16 ഇനം പശ്ചിമഘട്ടമലനിരകളിൽ മാത്രം ജീവിക്കുന്ന എൻഡമിക് ഇനങ്ങളാണ്. കാട്ടുനീലി, നീലക്കിളി, കരിഞ്ചെമ്പൻ, പാറ്റപ്പിടിയൻ, പോതക്കിളി, തെക്കൻ ചിലുചിലപ്പൻ, നീലഗിരി ചിലപ്പൻ, പതുങ്ങൻ ചിലപ്പൻ, സന്ധ്യക്കിളി, ചെറുതേൻകിളി, ചാരത്തലയൻ ബുൾബുൾ, മലവരമ്പൻ, കോഴിവേഴാമ്പൽ, നീലതത്ത, മരപ്രാവ്, കാട്ടുഞ്ഞാലി, ചെഞ്ചിലപ്പൻ എന്നിവയാണ് എൻഡമിക് പക്ഷികൾ. മിക്ക തദ്ദേശീയ ഇനങ്ങളും വസിക്കുന്നത് 1000 മീറ്ററിലേറെ ഉയരമുള്ള മലമ്പ്രദേശങ്ങളിലെ ചോലക്കാടുകളിലും ചേർന്നുള്ള പുൽമേടുകളിലുമാണ്. ഇത്തരം ആവാസവ്യവസ്ഥകൾക്കുണ്ടായ നാശം മിക്ക പക്ഷികളെയും, അതീവ ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ഐ.സി.യു.എന്നിന്റെ റെഡ് ഡാറ്റാ ബുക്കിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പശ്ചിമഘട്ടത്തിലെ 15 ഇനം പക്ഷികൾ 2008 ൽ ഇറങ്ങിയ റെഡ് ഡാറ്റാബുക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ തട്ടേക്കാടും കർണ്ണാടകയിലെ ഗുഡാവി പക്ഷി സങ്കേതവുമാ


ഫോട്ടോ: ജാഫർ

കലോറ്റസ് കലോറ്റസ് വിഭാഗത്തിൽപ്പെട്ട ഓന്ത്

ണ് സംരക്ഷിത കേന്ദ്രമായി പശ്ചിമഘട്ടത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽ എൻഡമിക് പക്ഷികളെ കാണുന്ന സ്ഥലങ്ങൾ കേരളത്തിൽ ഇരവികുളം നാഷണൽ പാർക്കും തമിഴ്നാട്ടിലെ മുക്കൂർത്തി നാഷണൽ പാർക്കുമാണ്. എൻഡമിക് പക്ഷികളെ ഒരു നോക്കു കാണാൻ വിദേശരാജ്യങ്ങളിൽനിന്നും ധാരാളം ടൂറിസ്റ്റുകൾ നമ്മുടെ പശ്ചിമഘട്ടമലനിരകൾ സന്ദർശിക്കുന്നുണ്ട്.

നാലിനം വേഴാമ്പലുകളെ നമ്മുടെ കാടുകളിൽ കാണാം. ഇവയിൽ കോഴിവേഴാമ്പൽ (Malabar Grey Hornbill) പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന ഇനമാണ്. മലമുഴക്കി വേഴാമ്പൽ (Great Indian Hornbill) കേരളത്തിന്റെ സംസ്ഥാന പക്ഷിയാണ്. കേരളത്തിൽ പൊതുവെ അപൂർവ്വമായ പാണ്ടൻവേഴാമ്പലുകൾ (Malabar Pied Hornbill) കർണ്ണാടകയിലെ കാടുകളിൽ ധാരാളമായി കാണാറുണ്ടത്രെ. അത്യപൂർവമായ മാക്കാച്ചിക്കാടക (Ceylon Frogmouth) ളുടെ നല്ലൊരു അംഗസംഖ്യ നമ്മുടെ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുണ്ട്. വിദേശരാജ്യങ്ങളിൽനിന്നും വരുന്ന ടൂറിസ്റ്റുകളുടെ പ്രധാന ആകർഷണം രാത്രിഞ്ചരന്മാരായ ഈ പക്ഷികളാണ്. ഇവയെ കൂടുതലായി കണ്ടുവരുന്നത് ആറളം, തട്ടേക്കാട് പോലുള്ള താഴ്ന്ന പ്രദേശങ്ങളിലുള്ള വനമേഖലകളിലാണ്. അമ്പതോളം ഇനം പരുന്ത് വർഗ്ഗങ്ങളെ പശ്ചിമഘട്ടമലനിരകളിൽ നിരീക്ഷിച്ചിട്ടുണ്ട്. കഴുകന്മാർ ഒരു കാലത്ത് ഇത്തരം പ്രദേശങ്ങളിൽ സാധാരണമായിരുന്നുവെന്ന് മുൻകാലപഠനങ്ങൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിൽനിന്നും കഴുകന്മാർ വംശനാശഭീഷണി മൂലം അപ്രത്യക്ഷമായപ്പോൾ അല്പമെങ്കിലും ബാക്കിയായിട്ടുള്ളത് പശ്ചിമഘട്ടമലനിരകളിലെ വയനാട് - ബന്ദിപ്പൂർ - മുതുമല ഭാഗങ്ങളിലാണ്. ഇവയുടെ കൂടുകൾ തോൽപ്പെട്ടി, ചെതലയം കാടുകളിൽ ഇപ്പോഴുമുണ്ട്. അത്യപൂർവമായ മഞ്ഞത്താലി ബുൾബുൾ (Yellow Throated Bulbul) നെ ചിന്നാർ വന്യജീവി സങ്കേതത്തിലും കർണ്ണാടകയിലും തമിഴ്നാട്ടിലുമുള്ള വരണ്ട ഇലപൊഴിയും കാടുകളിലുമാണ് നിരീക്ഷിക്കുവാൻ കഴിയുക. സൂപ്പിനായി വിദേശരാജ്യങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോയിരുന്ന ചിത്രകൂടൻ ശരപ്പക്ഷി (Indian Edible Nest Swiftlet) കളുടെ കൂടുകൾ വയനാട്ടിലെ പക്ഷിപാതാളത്തിലും ചെന്തുരുണി വന്യജീവി സങ്കേതത്തിലും പശ്ചിമഘട്ടമലനിരകളിലും ഇവയെ കണ്ടെത്തിയിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന ഈ കുഞ്ഞ് പക്ഷിയെ ഇന്ത്യൻ വന്യജീവി സംരക്ഷണനിയമത്തിന്റെ ഉയർന്ന പട്ടികയായ ഷെഡ്യൂൾ-1 ൽ ഉൾപ്പെടുത്തി സംരക്ഷിച്ചിട്ടുമുണ്ട്. ഇന്ത്യയിലെ ഏറ്റവും നല്ല പാട്ടുകാരായി അറിയപ്പെടുന്ന ചൂളക്കാക്ക (Malabar Whistling Thrush), പുള്ളിച്ചിലപ്പൻ (Spotted Babbler), ഷാമക്കിളി (Shama) എന്നീ പക്ഷികൾ പശ്ചിമഘട്ടമലനിരകളിൽ ധാരാളമായി കാണുന്ന പക്ഷിയിനങ്ങളാണ്. നന്നായി മനുഷ്യശബ്ദം അനുകരിക്കുന്ന കാട്ടുമൈന (Hill Myna) കളും വലിയ മരങ്ങളുള്ള വനപ്രദേശങ്ങളിൽ സർവ്വസാധാരണമാണ്. നന്നായി സംസാരിക്കുന്നതിനാൽ ഇവയെ കണ്ടമാനം പിടിച്ച് ഇണക്കി വളർത്താറുണ്ട്. വംശനാശഭീഷണി നേരിടുന്നതിനാൽ കാട്ടുമൈനകളെയും വന്യജീവിസംരക്ഷണനിയമത്തിന്റെ ഒന്നാമത്തെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചിട്ടുണ്ട്.

### ഉരഗജീവികൾ

ഇന്ത്യയിൽ നാളിതുവരെ കണ്ടെത്തിയ 500ൽ പരം ഉരഗജീവികളിൽ 203 ഇനത്തെ പശ്ചിമഘട്ടത്തിൽ മാത്രം കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 124 ഇനം ലോകത്തെവിടേയും കാണാത്ത നമ്മുടെ തദ്ദേശീയ ഇനങ്ങളാണ്. 203 ഉരഗജീവികളിൽ 106 എണ്ണവും പാമ്പുകളാണ്, ഏഴിനം ആമകളും 89 ഇനം പക്ഷികളും ഒരിനം മുതലയുമാണ്. ഒരുകാലത്ത് ധാരാളമായി കണ്ടിരുന്ന മുതലകൾ ഇന്ന് കുറച്ചെങ്കിലും ബാക്കിയായിട്ടുള്ളത് വയനാട്, പറമ്പിക്കുളം, ചിന്നാർ വന്യജീവിസങ്കേതങ്ങളിലും കർണ്ണാടകയിലെ കബനിനദീതടങ്ങളിലും കാവേരിയിലും ബദ്ര (Bhadra) കടുവാസംരക്ഷണകേന്ദ്രത്തിലാണ്. ഏഴിനം ആമകളിൽ ചൂരലാമയും (Cochin Cane Turtle), കാട്ടാമയും (Travancore tortoise) സഹ്യപർവ്വതത്തിന്റെ ദക്ഷിണാർദ്ധത്തിൽമാത്രം കാണുന്ന തദ്ദേശീയ ഇനങ്ങളാണ്. നക്ഷത്രആമ (Indian Star Tottoise) സഹ്യപർവ്വതത്തിന്റെ കിഴക്കേ ചെരിവിലുള്ള വരണ്ട പ്രദേശങ്ങളിൽ മാത്രം ജീവിക്കുന്നവയാണ്. കേരളത്തിൽ ചിന്നാർ വന്യജീവിസങ്കേതത്തിലാണ് ഇവയെ കണ്ട് വരുന്നത്. പലയിനങ്ങളിലെ 89 സ്പീഷീസിൽ 56 എണ്ണവും പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന എൻഡമിക് ഇനങ്ങളാണ്. റിസ്റ്റല്ല, കേസ്റ്റ്ലിയ തുടങ്ങിയ ജനുസ്സുകൾ നമ്മുടെ സഹ്യപർവ്വതത്തിന്റെ മാത്രം സ്വന്തമാണ്. കങ്കാരു ഓന്ത് (Kangaroo Lizard) പശ്ചിമഘട്ടത്തിന്റെ തെക്കേ അറ്റത്ത് മാത്രം കാണപ്പെടുന്ന ഒരപൂർവ ഓന്തിനമാണ്. ഡ്രാക്കോ (Draco) എന്ന പേരിലറിയപ്പെടുന്ന പറയോന്ത് (Flying Lizard) നമ്മുടെ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന പറക്കുന്ന ഓന്തിനമാണ്. സാലിയ വിഭാഗത്തിൽപെടുന്ന രണ്ടിനം ഓന്തുകൾ ഉയരംകൂടിയ തെക്കേ പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്നു. 106 ഇനം പാമ്പുകളിൽ 66 എണ്ണവും തദ്ദേശീയ ഇനങ്ങളാണ്. യൂറോപെൽറ്റിഡെ കുടുംബത്തിൽപെട്ട തുര

പ്പൻപാമ്പുകൾ (Shieldtails) ളിൽ 35 എണ്ണവും ലോകത്തെവിടെയും കാണാത്ത നമ്മുടെ സഹ്യ പർവതത്തിൽ മാത്രം കാണുന്ന അപൂർവ്വയിനം പാമ്പുകളാണ്. മാരകവിഷം പേറുന്ന അഞ്ചിനം പാമ്പുകളാണ് സഹ്യപർവതത്തിലുള്ളത്. ഇതിലേറ്റവും വലുത് ലോകത്ത്തന്നെ ഏറ്റവും വലിയ വിഷപ്പാമ്പായ രാജവെമ്പാലയാണ് (King Cobra). പതിനെട്ടര അടിയോളം വലുപ്പത്തിൽ ഇവ വളരാറുണ്ട്. രാജവെമ്പാലയെ കൂടുതലായും കാണുന്നത് സഹ്യപർവതത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലെ നിത്യഹരിതവനങ്ങളിലാണ്. കർണ്ണാടകയിലെ കുദ്രേമുഖിലും ആഗുമ്പെ കാടുകളിലും കേരളത്തിലെ ലാലം, മലബാർ വന്യജീവിസങ്കേതം, നിലമ്പൂർ കാടുകൾ, അതിരപ്പിള്ളി, ശബരിമല ക്കാടുകൾ, അഗസ്ത്യാർ വനപ്രദേശങ്ങളൊക്കെ അറിയപ്പെടുന്ന വിഹാരകേന്ദ്രങ്ങളാണ്. ലോകത്ത് കൂട്കെട്ടി മുട്ടയിടുന്ന ഏകപാമ്പിനവും രാജവെമ്പാലയാണ്. അണലി (Russell's viper), ശംഖ്വരയൻ (Indian krait) മൂർഖൻ (Indian cobra), ചുരുട്ടമണ്ഡലി (Sawscaled viper) എന്നിവയാണ് മറ്റു വിഷപ്പാമ്പുകൾ. ചുരുട്ടമണ്ഡലി കേരളത്തിൽ പൊതുവെ കുറവാണ്. സഹ്യപർവതത്തിന്റെ വടക്കേയറ്റത്ത് പ്രത്യേകിച്ചും മഹാരാഷ്ട്രയിൽ ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്നത് ചുരുട്ടമണ്ഡലിയുടെ കടിയേറ്റാണ്. അണലി കുടുംബത്തിൽപ്പെട്ട ആറിനം കുഴിമണ്ഡലി (Pit Viper) കളെ സഹ്യപർവതത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ അഞ്ചിനങ്ങൾ തദ്ദേശീയ ഇനങ്ങളാണ്. കഴിഞ്ഞ 20 വർഷത്തിനിടയിൽ പശ്ചിമഘട്ടത്തിൽ നിന്നു മാത്രമായി അഞ്ച് പുതിയ ഇനം പാമ്പുകളെ ശാസ്ത്രലോകത്തിന് കിട്ടിയിട്ടുണ്ട്. പറക്കുന്ന പാമ്പെന്നറിയപ്പെടുന്ന നാഗത്താൻപാമ്പ് (Ornate flying snake) അല്ലെങ്കിൽ അലങ്കാരപ്പാമ്പിന്റെ നല്ലൊരു അംഗസംഖ്യ നമ്മുടെ പശ്ചിമഘട്ടത്തിന്റെ താഴ്വാരങ്ങളിലെ വനപ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. 70 മീറ്ററിലേറെ ദൂരത്തേക്ക് മരത്തിന്റെ ഉയരങ്ങളിൽ നിന്നും താഴോട്ടേക്ക് തെന്നി പറക്കാനുള്ള കഴിവ് ഈ പാമ്പുകൾക്കുണ്ട്.


ഫോട്ടോ: ജാഫർ

ലൈക്കഡോൺ ട്രാവൻകോറിയസ് ഇനത്തിൽപ്പെട്ട പാമ്പ്

### ഉഭയജീവികൾ

നാളിതുവരെ ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ള 330 ഇനം ഉഭയജീവികളിൽ 182 ഇനത്തെ സഹ്യപർവതത്തിൽനിന്നും കണ്ടിട്ടുണ്ട്. ഇവയിൽ 161 ഇനവും നമ്മുടെ തദ്ദേശീയ ഇനമാണെന്നറിയുമ്പോഴാണ് പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം മനസ്സിലാകുന്നത്. ഈ നൂറ്റാണ്ടിന്റെ കണ്ടുപിടിത്തമായി വിശേഷിപ്പിക്കപ്പെട്ട പാതാളത്തവളകളെ (Nasikabatrachus sahyadrensis) ഡോ. എസ്.ഡി. ബിജു കണ്ടെത്തിയത് 2003-ൽ ഇടുക്കി ജില്ലയിൽനിന്നാണ്. വളരെ വിചിത്രമായ ആകാരവും നിറവുമുള്ള ഈ തവളകൾ 150 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ദിനോസറുകളുടെ യുഗത്തിൽ ജീവിച്ചതാണെന്നും യാതൊരു മാറ്റവുമില്ലാതെ ജീവിക്കുന്ന ഫോസിലുകളായി (Living fossil) ഇപ്പോഴും നമ്മുടെകൂടെയുണ്ടെന്നുള്ളത് ശാസ്ത്രലോകത്തിന് അത്ഭുതമായി തുടരുകയാണ്. ഇവയുടെ അടുത്ത ബന്ധുവായ സൂഗ്ലോസിയെ (Sooglossidae) ഇനത്തിൽപ്പെട്ട തവളകൾ ആഫ്രിക്ക ഭൂഖണ്ഡത്തിനടുത്തുള്ള സീഷ്യാലസ് ദ്വീപുകളിലാണ് കണ്ടുവരുന്നത്. കഴിഞ്ഞ 25 വർഷത്തിനിടയിൽ മാത്രം അമ്പതിലേറെ പുതിയ ഇനം തവളകളെ ശാസ്ത്രലോകത്തിന് കിട്ടിയിട്ടുണ്ട്. 2011 ൽ മാത്രം 18 ഇനം തവളകളെയാണ് കേരള - തമിഴ്നാട് പശ്ചിമഘട്ടമലനിരകളിൽനിന്നും ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ളത്. കാലില്ലാത്ത പാമ്പിനെപോലുള്ള ഉഭയജീവികളായ 'കുരുടി' കളിൽ 26 ഇനങ്ങളിൽ ഇരുപതെണ്ണവും പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന തദ്ദേശീയ ഇനങ്ങളെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ആറോളം പുതിയ ഇനം കുരുടികളെ തെക്കേ പശ്ചിമഘട്ടമലനിരകളിൽനിന്നും കണ്ടുപിടിച്ചിട്ടുണ്ട്. 2007-ൽ കണയം വനമേഖലകളിൽനിന്നും കണ്ടെത്തിയ ഈറ്റത്തവളകൾ (Red Frogs) ശാസ്ത്രലോകത്തിന് ഒരു പുതിയ അറിവായിരുന്നു. ഈറ്റക്കുള്ളിൽ ജീവിച്ച് പ്രജനനം നടത്തുന്ന ഈ ഇനങ്ങളുടെ അടുത്ത ബന്ധുക്കളെ ചെന്തുരുണിക്കാടുകളിൽ നിന്നും ഈയിടെ കണ്ടെത്തിയിട്ടുമുണ്ട്. ഉഭയജീവികളിൽ ഒട്ടുമിക്കവയും വംശനാശഭീഷണി നേരിടുന്നവയാണ്. ഇന്ത്യയിലെ ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജന്തുക്കളുടെ ലിസ്റ്റിൽ ഈയിടെ 16 ഇനം തവളകളും സ്ഥാനം പിടിച്ചിട്ടുണ്ട്. അന്യംനിന്നുവെന്ന് കരുതിയിരുന്ന ഗുന്തേഴ്സ് ബബിൾ നെസ്റ്റ് ഫ്രോഗ് (Raorchestes Chalazodes) നെ 135 വർഷത്തിന് ശേഷം മുണ്ടൻ തുറൈ കലൈക്കാട് വന്യജീവിസങ്കേതത്തിൽ നിന്നും രണ്ട് വർഷം മുമ്പ് വീണ്ടും കണ്ടെത്തിയിരുന്നു. ഈയ്യിടെ നടത്തിയ സർവേയിൽ ഇവ അഗസ്ത്യവനകാടുകളിൽ ധാരാളമായി ഉള്ളതായി പഠനങ്ങൾ വ്യക്തമാക്കുന്ന ചോലക്കാടുകളിലെ മരത്തവളകളും (Tree frogs) ഇലത്തവളകളും (Bush Frogs) നിലനിൽക്കണമെങ്കിൽ മലകളെ ചൂഴുന്ന മൂടൽ മഞ്ഞിന്റെ ഈർപ്പവും അതൊരുക്കുന്ന സൂക്ഷ്മകാലാവസ്ഥയും സൂക്ഷ്മ ആവാസവ്യവസ്ഥയുമുണ്ടായിരിക്കണം. മനുഷ്യന്റെ അനിയന്ത്രിതമായ ഇടപ്പെടലുകളും കാട്ടുതീയും

കീടനാശിനികളുടെ അമിത ഉപയോഗവും നമ്മുടെ ചുറ്റുപാടിന്റെ ആരോഗ്യത്തിന്റെ ഏറ്റവും നല്ല സൂചകമായി അറിയപ്പെടുന്ന തവളകളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.

**മത്സ്യങ്ങൾ**

മുന്നൂറോളം ഇനം ശുദ്ധജലമത്സ്യങ്ങളെ നമ്മുടെ പശ്ചിമഘട്ടമലനിരകളിലെ നദികളിലും അരുവികളിലുമായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പകുതിയിലേറെ തദ്ദേശീയ ഇനങ്ങളാണ്. കഴിഞ്ഞ 20 വർഷത്തിനിടയിൽ മാത്രം മുപ്പതോളം ഇനം ശുദ്ധജലമത്സ്യങ്ങളെയാണ് പശ്ചിമഘട്ടത്തിൽനിന്നും പുതിയതായി ശാസ്ത്രലോകത്തിന് കണ്ടെത്താനായിട്ടുണ്ട്. ഇവയിൽ കൂടുതലും കേരളത്തിലെ ചാലക്കുടി, പെരിയാർ തുടങ്ങിപ്രധാന നദികളിൽ നിന്നുമാണ്. ട്രാവൻകൂറിയ, ബവാനിയ ഡായെല്ല, ഫോറാബ്ബാഗസ് തുടങ്ങിയ ജനുസ്സുകൾ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്നവയാണ്. ശുദ്ധജലമത്സ്യങ്ങളിൽ ഏറ്റവും വലുതായ ഭീമാകാരങ്ങളായ കുയിൽമത്സ്യങ്ങൾ (Makseer) ഒരുകാലത്ത് പശ്ചിമഘട്ടത്തിലെ അരുവികളിലും പുഴകളിലും ഒരു പ്രധാന മത്സ്യമായിരുന്നു. ഇന്ന് ഈ മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുകയാണ്. 68 കിലോ വരെ തൂക്കമുള്ള കുയിൽമത്സ്യത്തെ പെരിയാറിന്റെ ഉത്ഭവകേന്ദ്രങ്ങളിൽനിന്നും ബ്രിട്ടീഷുകാരുടെ കാലത്ത് പിടിച്ചതായുള്ള രേഖകളുണ്ട്. വളരെയേറെ ഭംഗിയുള്ള അലങ്കാരമത്സ്യങ്ങൾ നമ്മുടെ കാട്ടരുവികളിലുണ്ട്. ചെങ്കണത്തോൻ എന്നറിയപ്പെടുന്ന മത്സ്യം 'മിസ് കേരള' എന്ന വാണിജ്യനാമത്തിൽ ഏറെ പ്രശസ്തമാണ്. ഒരു ജോഡിക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ 600 മുതൽ 3000 രൂപവരെ ഈ മത്സ്യത്തിന് കിട്ടുന്നുവത്രെ. ഇവയ്ക്ക് പുറമെ ഭംഗിയുള്ള വാഴയ്ക്കാവരയൻ, പൂവാലിപരൽ, എണ്ണപാവുകൾ തുടങ്ങിയ കാട്ടരുവികളിലെ മത്സ്യങ്ങൾക്ക് അക്വേറിയം വിപണിയിൽ നല്ല ഡിമാന്റാണത്രെ. പെരിയാറിന്റെ ഉത്ഭവകേന്ദ്രങ്ങളിൽ കാണപ്പെടുന്ന ഈറ്റിലക്കണ്ണൻ, ബ്രാഹ്മണകണൻ എന്നീ മത്സ്യങ്ങൾ വംശനാശഭീഷണിയിലാണ്. അനധികൃതമായ മാർഗ്ഗത്തിലുള്ള മത്സ്യബന്ധനം അധിനിവേശമത്സ്യങ്ങളായ തിലാപ്പിയ, ആഫ്രിക്കൻ മുശി (African catfish) എന്നിവയുടെ കടന്നുകയറ്റം നമ്മുടെ തദ്ദേശീയ മത്സ്യങ്ങൾക്ക് വലിയ ഭീഷണി ആയിരിക്കുകയാണ്. ഈയ്യിടെ പ്രസിദ്ധീകരിച്ച അതീവ ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജന്തുക്കളുടെ ലിസ്റ്റിൽ നമ്മുടെ പശ്ചിമഘട്ടത്തിലുള്ള 12 ഇനം മത്സ്യങ്ങളും സ്ഥാനം പിടിച്ചിട്ടുണ്ട്.

**നട്ടെല്ലില്ലാത്ത ജന്തുക്കൾ**

ജന്തുവൈവിധ്യത്തിന്റെ ഏറ്റവും വലിയ വിഭാഗമെന്ന് പറയുന്ന പ്രാണികൾ ഉൾപ്പെടുന്ന നട്ടെല്ലില്ലാത്ത ജന്തുക്കളുടെ വിഭാഗമാണിത്. ഏകദേശം 90 ശതമാനത്തോളം ജീവികളും ഈ ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. പല ചെറുജീവികളിലുമുള്ള പഠനങ്ങൾ ഇപ്പോഴും അപൂർണ്ണമാണ്. പ്രാണിവർഗ്ഗത്തിൽ ഏറെ കുറെ നല്ല പഠനങ്ങൾ നടന്നിട്ടുള്ളത് ചിത്രശലഭങ്ങളിലും തുമ്പികളിലുമാണ്.



പാതാളത്തവള

**ചിത്രശലഭങ്ങൾ**

ഇന്ത്യയിൽ കണ്ടെത്തിയ 1200 ഇനത്തോളം ചിത്രശലഭങ്ങളിൽ 332 ഇനത്തെ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 36 ഇനം പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന എൻഡമിക് ഇനങ്ങളാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭമായ ഗരുഡ ശലഭ (Southersn Birdwing) ത്തെ ധാരാളമായി കാണുന്നത് പശ്ചിമഘട്ട മലനിരകളിലാണ്. ഏറ്റവും ഭംഗിയാർന്ന ബുദ്ധമയൂരി (Budda Peacock), ചുട്ടി മയൂരി (Paris Peacock), നാട്ടുമയൂരി (Coon Banded Peacock) എന്നീ മയൂരി ശലഭങ്ങളെ കാണാൻ പറ്റുന്നൊരിടവും ഇവിടമാണ്. ഒരു കാലത്ത് വിദേശരാജ്യങ്ങളിലേക്ക് അനധികൃതമായി കയറ്റികൊണ്ട് പോയിട്ടുള്ള ശലഭയിനങ്ങളാണ് മയൂരി ശലഭങ്ങൾ. നിലമ്പൂർ കാടുകളിൽനിന്നും ഈയടുത്ത കാലത്ത് പോലും ബുദ്ധമയൂരി ശലഭങ്ങളെ കടത്തുന്നതായി പത്രവാർത്തകൾ ഉണ്ടായിരുന്നു. ട്രാവൻകൂർ കരിയിലശലഭം (Travancore Evening Brown) എന്ന അപൂർവ്വ കരിയിലശലഭം നമ്മുടെ ഈ കാടുകളിൽ മാത്രം കാണുന്ന തദ്ദേശീയ ഇനമാണ്. ഒരു കാലത്ത് നാമാവശേഷമായി എന്ന് കരുതിയിരുന്ന ഈ ശലഭത്തെ 1994-ൽ തേക്കടി വന്യജീവി സങ്കേതത്തിലാണ് വീണ്ടും കണ്ടെത്തിയിട്ടുള്ളത്.

പശ്ചിമഘട്ടത്തിൽ ഏറ്റവും കൂടുതൽ ചിത്രശലഭത്തെ കാണുന്നത് കേരളത്തിലാണ് (318 സ്പീഷീസ്) തൊട്ട് പിറകെ തമിഴ്നാട്ടിൽ 317 ഇനവും കർണ്ണാടകയിൽ 316 ഇനവും ഗോവയിൽ 252 ഉം മഹാരാഷ്ട്ര യിൽ 209 ഉം ഗുജറാത്തിൽ 183 ഇനവുമാണ് കണ്ടെ ത്തിയിട്ടുള്ളത്. കേരളത്തിൽ പശ്ചിമഘട്ടത്തോട് ചേർന്ന് നിൽക്കുന്ന ഒരു ചെറിയ പ്രദേശത്ത് പോലും സീസണിൽ നൂറിലേറെ ഇനം പൂമ്പാറ്റകളെ നിരീക്ഷിക്കാൻ പറ്റുന്നതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പൂമ്പാറ്റകളെ കാണുന്നത് ആറളം വന്യജീവിസങ്കേതത്തിലാണ്. ഇവിടെ മാത്രം 243 സ്പീഷീസ് പൂമ്പാറ്റകളെയാണ് നിരീക്ഷിച്ചിട്ടുള്ളത്. ഓണക്കാലത്തോടനുബന്ധിച്ച് ധാരാളം പൂക്കളും പച്ചപ്പുമുള്ള

ഓഗസ്റ്റ്- സെപ്റ്റംബർ മാസങ്ങളിലാണ് പൂമ്പാറ്റകളെ കൂടുതലായി കാണാറുള്ളത്. വരണ്ട മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശലഭവൈവിധ്യം വളരെ കുറവായിരിക്കും.

പശ്ചിമഘട്ടത്തിലെ പ്രധാനപ്പെട്ട ജൈവപ്രതിഭാസമാണ് പൂമ്പാറ്റകളുടെ ദേശാടനം. തെക്ക് പടിഞ്ഞാറൻ മൺസൂൺ വരുന്നതിന് മുമ്പായി മലമുകളിൽ നിന്നും താഴോട്ടേക്ക് മെയ്മാസത്തിൽ ലക്ഷക്കണക്കിന് പൂമ്പാറ്റകൾ പാലായനം ചെയ്യുന്നതും മഴ കഴിഞ്ഞ ഉടൻ ഒക്ടോബർ-നവംബർ മാസങ്ങളിൽ തിരിച്ച് മലമുകളിലേക്ക് പറക്കുന്നതും ശലഭനിരീക്ഷകരെയും പ്രകൃതിസ്നേഹികളെയും ഏറെ ആകർഷിക്കുന്ന ഒരു പ്രതിഭാസമാണ്. അതുപോലെ ശിശിരകാലത്തുള്ള ആൽബട്രോസ് ശലഭങ്ങളുടെ താഴ്വാരങ്ങളിലേക്കുള്ള കൂട്ട പറക്കലും പശ്ചിമഘട്ടത്തിൽ പ്രത്യേകിച്ചും തെക്കൻ ഭാഗങ്ങളിൽ നിരീക്ഷിക്കാവുന്നതാണ്.

**തുമ്പികൾ**

പൂമ്പാറ്റകളെപ്പോലെ തുമ്പികളിലും ധാരാളം പഠനങ്ങൾ പശ്ചിമഘട്ടമലനിരകളിൽ ബ്രിട്ടിഷുകാരുടെ കാലത്ത് തന്നെ നടന്നിട്ടുണ്ട്. ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ള 470 ഇനം തുമ്പികളിൽ 175 എണ്ണത്തെ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 69 എണ്ണം സഹ്യപർവതത്തിൽ മാത്രം കാണുന്ന എൻഡമിക് ഇനങ്ങളാണ്. സഹ്യപർവതത്തിലെ ഏതൊരു പ്രദേശത്തും സീസണിൽ 50-60 സ്പീഷീസ് തുമ്പികളെ അനായാസേന നിരീക്ഷിക്കാവുന്നതാണ്. കേരളത്തിൽ മാത്രം 148 ഇനം തുമ്പികളെയാണ് നിരീക്ഷിച്ചിട്ടുള്ളത്. പല എൻഡമിക് തുമ്പിയിനങ്ങളും കാട്ടരുവികളിലാണ് പ്രജനനം നടത്തുന്നത്. ശുദ്ധമായ തെളിനീരരുവികളുടെ നാശവും മലിനീകരണവും ഇത്തരം തുമ്പികളുടെ വംശത്തിന് വലിയ ഭീഷണി ആയിരിക്കുകയാണ്.

> ജന്തുവൈവിധ്യത്തെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങളിൽനിന്നും വ്യക്തമാകുന്നത് പശ്ചിമഘട്ടത്തിലെ ഏറ്റവും ജൈവസമ്പന്നമായ ഭാഗം തെക്കൻ സഹ്യപർവ്വതത്തിലെ നിത്യഹരിതവനങ്ങളും, മലമുകളിലെ ചോലക്കാടുകളും പുൽമേടുകളിലുമാണെന്നതാണ്

**ചിലന്തികൾ**

അറുന്നൂറോളം ഇനം ചിലന്തികളെയാണ് പശ്ചിമഘട്ടത്തിൽ നിരീക്ഷിച്ചിട്ടുള്ളത്. കൂടുതൽ പഠനങ്ങളൊക്കെ നടന്നിട്ടുള്ളത് കേരളം - തമിഴ്നാട് പശ്ചിമഘട്ടമലനിരകളിലും വടക്ക് മഹാരാഷ്ട്രയിലുമാണ്. കേരളത്തിൽ മാത്രം 400 ലേറെ ഇനങ്ങളുണ്ടെന്നാണ് കണക്ക്. വിഷമുള്ള കടുവാചിലന്തികളുടെ (Tarantulka) മൂന്ന് സ്പീഷീസ് നമ്മുടെ കാടുകളിലുണ്ട്. വിദേശരാജ്യങ്ങളിലേക്ക് ഓമനകളായി (Pets) വളർത്താൻവേണ്ടി നമ്മുടെ കാടുകളിൽനിന്നും അനധികൃതമായി കടുവാചിലന്തികളെ കണ്ടമാനം കയറ്റുമതി ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ കടുവാചിലന്തികൾ വംശനാശഭീഷണി നേരിടുന്ന ജന്തുക്കളുടെ 'റെഡ് ഡാറ്റാ ബുക്കിൽ 'സ്ഥാനം പിടിച്ചിട്ടുമുണ്ട്. കടുവാചിലന്തികളെ ധാരാളമായി കാണുന്നത് അഗസ്ത്യാവനം മലനിരകളിലും പറമ്പിക്കുളം വന്യജീവിസങ്കേതത്തിലുമാണ്.

**മണ്ണിരകൾ**

ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ള ഇരുന്നൂറോളം ഇനം മണ്ണിരകളിൽ പകുതിയോളം ഇനത്തെ പശ്ചിമഘട്ടമലനിരകളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്. ഒരു മീറ്ററിലേറെ വലുപ്പത്തിൽ വളരുന്ന ദ്രാവിഡ നിലമ്പൂറെൻസിസ് (Drawid nilamburensis)എന്ന ശാസ്ത്രനാമത്തിലറിയപ്പെടുന്ന ഭീമൻ മണ്ണിരകളെ നിലമ്പൂരിനടുത്ത് ചാലിയാറിന്റെ തീരങ്ങളിൽ മാത്രം കാണുന്ന തദ്ദേശീയ ഇനമാണ്. മണ്ണിരയുടെ ഗോത്രത്തിൽ ഉൾപ്പെടുന്ന തോട്ടപ്പുഴു, അട്ട എന്ന പേരിലറിയപ്പെടുന്ന രക്തം ഊറ്റിക്കുടിക്കുന്ന പതിമൂന്നോളം ഇനം പുഴുക്കൾ (Leeches) നമ്മുടെ പശ്ചിമഘട്ടമലനിരകളിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരുപക്ഷെ നമ്മുടെ നിത്യഹരിതവനങ്ങളിൽ എല്ലാ സമയത്തും സന്ദർശകരെ വിഷമിപ്പിക്കുന്ന ഒരേ ഒരു ജീവി ഈ രക്തദാഹികളായ തോട്ടപ്പുഴുക്കൾ മാത്രമായിരിക്കും.

**ഒച്ചുകളും കക്കകളും**

പശ്ചിമഘട്ടത്തിലെ വൈവിധ്യമാർന്ന അരുവികളും തോടുകളും നനവാർന്ന നിത്യഹരിതവനങ്ങളും ഒട്ടനവധി കക്കകൾക്കും ഒച്ചുകൾക്കും ആവാസമൊരുക്കുന്നുണ്ട്. കരയിൽ മാത്രം 269 ഇനം ഒച്ചുകളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയിൽ 76 ശതമാനവും എൻഡമിക്കുകളാണ്. ശുദ്ധജലത്തിൽ കാണുന്ന 77 ഇനം കക്കകളിൽ 36 ശതമാനവും നമ്മുടെ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന തനതായ സ്പീഷീസുകളാണ്. ഈ വിഭാഗത്തിൽ ഏറെ നല്ല പഠനങ്ങൾ നടന്നിട്ടുള്ളത് പശ്ചിമഘട്ടത്തിന്റെ കർണ്ണാടക ഭാഗങ്ങളിലാണ്. ഇവയ്ക്ക് പുറമെ പഴുതാര (Centipedes), തേൾ (Scorpions), ഷഡ്പദവർഗ്ഗങ്ങളിൽ ഉറുമ്പ്, തേനീച്ച, കടന്നൽ, വണ്ട് വിഭാഗങ്ങളിൽ ഗൗരവമേറിയ പഠനങ്ങൾ നടക്കുന്നുണ്ടെങ്കിലും പൊതുവെ നട്ടെല്ലില്ലാത്ത ജീവികളുടെ പശ്ചിമഘട്ട വൈവിധ്യം ഇപ്പോഴും അപൂർവമാണ്.

ജന്തുവൈവിധ്യത്തെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങളിൽനിന്നും വ്യക്തമാകുന്നത്, പശ്ചിമഘട്ടത്തിലെ ഏറ്റവും ജൈവസമ്പന്നമായ ഭാഗം തെക്കൻ സഹ്യപർവ്വതത്തിലെ നിത്യഹരിതവനങ്ങളും, മലമുകളിലെ ചോലക്കാടുകളും പുൽമേടുകളിലുമാണെന്നാണ്. കോടാനുകോടി വർഷങ്ങൾകൊണ്ട് ഉരുത്തിരിഞ്ഞ് വന്ന ഈ സൂക്ഷ്മകാലാവസ്ഥയും സൂക്ഷ്മ ആവാസവ്യവസ്ഥയും കൊണ്ടുണ്ടായ തദ്ദേശീയ ജന്തുവൈവിധ്യം മനുഷ്യന്റെ വകതിരിവില്ലാത്ത വികസനപ്രവർത്തനങ്ങൾ കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ ജൈവസമ്പന്നതയും പൈതൃകവും വരുംതലമുറകൾക്കായി തിരിച്ചുനൽകാനുള്ള അടിയന്തിരപദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.